## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2716 — 12.10.2011-ലെ മറുപടിയ്ക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ മണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭ, പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, ആദിച്ചനെല്ലൂർ, പൂയപ്പള്ളി, കല്ലുവാതുക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി എത്ര പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു; വിശദാംശം അറിയിക്കുമോ; | (എ) ആറ് സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു.<br>1. ക്യൂ2861 പരവൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം.<br>2. ക്യൂ86 കലയ്ക്കോട് പട്ടികജാതി സർവ്വീസ് സഹകരണ സംഘം.<br>3. ക്യൂ869 ചാത്തന്നൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം.<br>4. ക്യൂ1086 കല്ലുവാതുക്കൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘം.<br>5. ക്യൂ52 ആദിച്ചനല്ലൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം.<br>6. ക്യൂ893 പൂയപ്പള്ളി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം. |
| (ബി) പ്രസ്തുത സംഘങ്ങളുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന പുരോഗതിയും അറിയിക്കുമോ; | (ബി) ക്യൂ2861 പരവൂർ പട്ടികജാതി സഹകരണ സംഘവും ക്യൂ893 പൂയപ്പള്ളി പഞ്ചായത്ത് പട്ടികജാതി സംഘവും പ്രവർത്തനരഹിതമാണ്. മറ്റ് നാല് സംഘങ്ങളും നിലവിൽ പ്രവർത്തനം ഉണ്ടെങ്കിലും നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (സി) പ്രസ്തുത സംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനസജ്ജമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹകരണസംഘം രജിസ്ട്രാർ |

ഓഫീസിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത (എസ്.സി/എസ്.റ്റി) സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ